**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1452** **04-07-2022 - ൽ മറുപടിയ്ക്ക്**

**വസ്തുവിന്റെ കരം ഒടുക്കുന്നതിനുള്ള അവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ജോൺ ജോസ്, തുണ്ടത്തിൽ വീട്, തുണ്ടത്തിൽ, അയിരൂപ്പാറ വില്ലേജ്, തിരുനന്തപുരം താലൂക്ക് സമർപ്പിച്ച അപേക്ഷ തിരുവനന്തപുരം ഭൂരേഖാ ഓഫീസിൽ എച്ച്1.27673/2021 നമ്പരായി സ്വീകരിച്ച് അന്വേഷണം കഴിഞ്ഞുവെങ്കിലും പരാതിക്കാരന് ഇതുവരെയും കരം ഒടുക്കുന്നതിനുള്ള അവകാശം കിട്ടിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉണ്ടായ കാലതാമസവും പരാതിക്കാരന് നീതികിട്ടാത്ത സാഹചര്യവും പരിശോധിക്കുമോ; | (എ) | ശ്രീ. ജോൺ ജോസ് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ സമർപ്പിച്ച എച്ച് 1-27673/2021 നമ്പർ ഫയലിൽ സർവ്വേയർ അന്വേഷണം നടത്തിയതിലും സ്ഥലം പരിശോധിച്ചതിലും തെറ്റായി പോക്കുവരവുകൾ നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് പോക്കുവരവുകൾ തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ ഹിയറിംഗ് നടത്തി നടപടിക്രമം ഉത്തരവായിട്ടുള്ളതും, സബ് ഡിവിഷൻ പോക്കുവരവുകൾ റദ്ദ് ചെയ്യുന്നതിലേയ്ക്കായി സബ് കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, സബ് കളക്ടറിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതുമാണ്. |
| (ബി) | ജോൺ ജോസിന്റെ വസ്തു കരം ഒടുക്കുന്നതിനുള്ള അവകാശം അനുവദിച്ച് കിട്ടുന്നതിനും റവന്യൂ വകുപ്പിൽ ഉണ്ടായിരിക്കുന്ന ന്യൂനത പരിഹരിച്ച് നീതി ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | ശ്രീ. ജോൺ ജോസ് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ സമർപ്പിച്ച എച്ച് 1-27673/2021 നമ്പർ ഫയലിൽ സർവ്വേയർ അന്വേഷണം നടത്തിയതിലും സ്ഥലം പരിശോധിച്ചതിലും തെറ്റായി പോക്കുവരവുകൾ നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് പോക്കുവരവുകൾ തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ ഹിയറിംഗ് നടത്തി നടപടിക്രമം ഉത്തരവായിട്ടുള്ളതും, സബ് ഡിവിഷൻ പോക്കുവരവുകൾ റദ്ദ് ചെയ്യുന്നതിലേയ്ക്കായി സബ് കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, സബ് കളക്ടറിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ